**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **13-02-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അടുത്ത അധ്യായന വർഷം മുതൽ സർക്കാർ കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; കോഴ്സുകളുടെ വിവരം കോളേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരിക്കുകയാണ് . |
| (ബി) | കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. അറബിക് കോഴ്സ് ആരംഭിക്കാൻ 02/03/2016ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ അനുമതി നൽകുകയും (നം. 8693) 14/03/2017ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ചെയ്തിട്ടും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഇറങ്ങാത്തതിനാൽ കോഴ്സ് ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഉത്തരവ് ഇറങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. അറബിക് കോഴ്സ് ആരംഭിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും സർക്കാറിന്റെ അക്കാലത്തെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. |
| (സി) | 16 മണിക്കൂർ ജോലിഭാരം ഉണ്ടായിട്ടും പല കോളേജുകളിലും പല അധ്യാപക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നത് പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | പി.ജി വെയ്റ്റേജ് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലും എംഫിൽ തസ്തിക നിറുത്തലാക്കിയതിന്റെ അടിസ്ഥാനത്തിലും സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ തസ്തികകളിലെ ആകെ ജോലിഭാരം കുറയുകയും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിഷയങ്ങളിലേയും ആകെ തസ്തികകളുടെ എണ്ണം കുറയുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. മേൽ സാഹചര്യത്തിലും നാലുവർഷ ബിരുദ കോഴ്സ് ആരംഭിച്ചതിന്റെ പശ്ചാത്തലത്തിലും സ. ഉ.(സാധാ) നം. 770/2024/ഉ.വി.വ. തീയതി 29.06.2024 പ്രകാരം നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നതു വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ വരെ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി |

| | | | |
|---|---|---|---|
| | | | നിലനിറുത്തി ലോക്ക് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ചുരുങ്ങിയത് ഒൻപതു മണിക്കൂറെങ്കിലും ജോലിഭാരമുള്ള അവസാന തസ്തിക/ സിംഗിൾ ഫാക്കൽറ്റി എന്നിവയിൽ സ്ഥിര അധ്യാപകരെ നിയമിക്കാത്തതു മൂലം അധ്യാപകരും വിദ്യാർത്ഥികളും ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുവായി നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള തസ്തികകൾ നിലനിർത്തുകയും സൃഷ്ടിക്കപ്പെടാത്ത തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു കൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | സ്ഥിര അധ്യാപകരെ നിയമിക്കുന്നിനുള്ള 16 മണിക്കൂർ ജോലിഭാരം ഇല്ലാത്ത തസ്തികകളിലേയ്ക്കും സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കാത്ത തസ്തികകളിലേക്കും വർക്ക് ലോഡ് ഉള്ള പക്ഷം ഗസ്റ്റ് അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താമെന്ന് 28.06.2024 ലെ സ.ഉ(സാധാ)നം.751/2024/ഉ.വി.വ ഉത്തരവ് പ്രകാരം കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ